കാലിക്കറ്റ് സർവ്വകലാശാല
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വിഭാഗം
പത്രക്കുറിപ്പ്

2010 ജൂൺ 16

## എം.എ/എം.എസ്.സി./എം.കോം./എം.എൽ.ഐ.എസ്.സി./ബി.എൽ.ഐ.എസ്.സി. കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കാലിക്കറ്റ് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒന്നാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം./എം.എൽ.ഐ.എസ്.സി., ഒന്നാം വർഷ ബി.എൽ.ഐ.എസ്.സി. കോഴ്സുകളിലേക്ക് 2010-11 അധ്യയനവർഷത്തേക്ക് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷാഫോമുകൾ ഇന്നുമുതൽ (ജൂൺ 17) ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 30 നകം അതത് കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്. കൂടിക്കാഴ്ചയും പ്രവേശനവും ജൂലൈ 15 നും ക്ലാസുകൾ ജൂലൈ 21 നും ആരംഭിക്കും.

944/10/പി.ആർ

## പരീക്ഷാഫലം

2009 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിയോ തെറാപ്പി പരീക്ഷഫലം പ്രസിദ്ധീകരിച്ചു. ഫലം സർവ്വകലാശാല വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധന, പുനർമൂല്യനിർണ്ണയം, ഉത്തരകടലാസുകളുടെ പകർപ്പ് എന്നിവക്ക് ജൂൺ 26 വരെ അപേക്ഷിക്കാം.

945/10/പി.ആർ

## പി.എച്ച്.ഡി നൽകി

കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഗവേഷണം പൂർത്തിയാക്കിയ ശ്രീ. അബ്ദുൾ ജലീൽ ഓടങ്കാടൻ, ശ്രീമതി. ഗ്രീഷ്മലത എ.പി. (ഹിസ്റ്ററി), ശ്രീ. ജോൺ സക്കറിയ ഇ., ശ്രീമതി. ശോഭ പി.വി. (സോഷ്യോളജി), ശ്രീമതി. ആരതി ശശികുമാർ, ശ്രീമതി. ജീജ തരകൻ (സുവോളജി), ശ്രീമതി. സ്മിതാ ദാസ് ടി.വി. (മലയാളം), ശ്രീ. ദേവദാസൻ പി. (ഫിലോസഫി), ശ്രീ. ദിനേശൻ വലപശ്ശേരി പുരക്കാട്ട് (എഞ്ചിനീയറിംഗ്) എന്നിവർക്ക് പി.എച്ച്.ഡി. നൽകി ആദരിച്ചു.

946-954/10/പി.ആർ

## റാങ്ക് ജേതാക്കൾ

ജനുവരി 2009 ൽ നടന്ന പഞ്ചവൽസര എൽ.എൽ.ബി. പരീക്ഷയ്ക്ക് കോഴിക്കോട് ഗവ. ലോ കോളേജിലെ ബിനി കെ.യുവിന് ഒന്നാം റാങ്ക് ലഭിച്ചു. തൃശ്ശൂർ ഗവ. ലോ കോളേജിലെ വി. അലമേലു, സുബോധ് എസ് എന്നിവർക്കാണ് യഥാക്രമം രണ്ടും മൂന്നും റാങ്കുകൾ.

955/10/പി.ആർ

## അഫിലിയേഷൻ ലഭിച്ചു

ചെർപ്പുളശ്ശേരി ഐഡിയൽ ആർട്സ് ആന്റ് സയൻസ് കോളേജിന് (അൺ എയിഡഡ്) പുതിയ സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജിനുള്ള പ്രൊവിഷണൽ അഫിലിയേഷൻ ലഭിച്ചു.

956/10/പി.ആർ

## സർവ്വകലാശാലയിൽ ഒരു വർഷത്തെ ശാസ്ത്ര പ്രചരണ പരിപാടി

സ്കൂൾ/കോളേജ് വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനായി കേരളസംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സർവ്വകലാശാല ബോട്ടണി വിഭാഗവുമായി സഹകരിച്ച് മലപ്പുറം ജില്ലയിലെ ഹയർ സെക്കന്ററി ബയോളജിക്കൽ സയൻസ്/ബോട്ടണി ബിരുദ വിദ്യാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കായി ഒരു വർഷം നീളുന്ന ശാസ്ത്രപ്രചരണ പരിപാടികൾ നടത്തുന്നു. സൈലന്റ് വാലിയിൽ ക്യാമ്പ്, ബോട്ടാണിക്കൽ ഗാർഡനിലും ഹെർബേറിയത്തിലും പഠനപര്യടനം, ബയോടെക്നോളജി/ജൈവസംരക്ഷണ മേഖലയിലെ വിദഗ്ധരുടെ പ്രഭാഷണങ്ങൾ തുടങ്ങിയവ പരിപാടിയുടെ ഭാഗമാണ്. വിദ്യാർത്ഥികളുടെ റഗുലർ പഠനത്തെ ബാധിക്കാത്ത രീതിയിലാണ് സമയക്രമീകരണം. ഭക്ഷണവും പഠനത്തിനാവശ്യമായ സാമഗ്രികളും സൗജന്യമായിരിക്കും. താല്പര്യമുള്ള മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾ ബോട്ടാണിക്കൽ സൊസൈറ്റി സെക്രട്ടറി ഡോ. ജോസ് ടി. പുത്തൂരുമായി ബന്ധപ്പെടുക. ഫോൺ: 9447507845. പരിപാടിയുടെ ഉദ്ഘാടനം ജൂൺ 30 ന് ബോട്ടണി വിഭാഗം സെമിനാർ ഹാളിൽ നടക്കും.

957/10/പി.ആർ